# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 993 — 12/12/2012 ൽ മറുപടിയ്ക്ക്

## എസ്.സി വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ.എം.വി. ശ്രേയാംസ് കുമാർ<br>" റോഷി അഗസ്റ്റിൻ<br>" പി.സി. ജോർജ് | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പ്ലസ് ടു പഠനത്തിനുശേഷം സർക്കാർ, അംഗീകൃത സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് എന്നിവ നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ; | (എ) വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യത്തിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾ വഴി ലഭ്യമാകുന്ന മുറയ്ക്ക് അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും യഥാസമയം തന്നെ ആനുകൂല്യങ്ങൾ അനുവദിച്ച് വരുന്നുണ്ട്.<br><br>പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് എന്ന വെബ് അധിഷ്ഠിത വിദ്യാഭ്യാസാനുകൂല്യ വിതരണ പദ്ധതിയിലൂടെ അർഹമായ ആനുകൂല്യങ്ങൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖകൾ വഴി ez-pay card സംവിധാനത്തിലൂടെ നൽകി വരുന്നു. അപേക്ഷകൾ ആദ്യവർഷം തന്നെ അക്ഷയ കേന്ദ്രങ്ങൾ വഴി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് ez-pay card സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ മുൻപ് പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് ആനുകൂല്യം നൽകിയിരുന്നുവോ; എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഇപ്രകാരം ആനുകൂല്യം നൽകിയിരുന്നത്; ആയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; വിശദാംശങ്ങൾ നൽകാമോ; | (ബി) | ആനുകൂല്യം അനുവദിച്ചിരുന്നു. ആനുകൂല്യങ്ങൾ അനുവദിച്ചിരുന്ന ജില്ലകളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.<br><br>പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ്.<br><br>02/07/2009 ലെ സ.ഉ(പി) നം.50/09/പജപവവിവ. ഉത്തരവ് പ്രകാരം അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കേണ്ടതില്ലെന്ന് ഉത്തരവായിരുന്നു. എന്നാൽ ചില ജില്ലകൾ ആനുകൂല്യങ്ങൾ അനുവദിച്ചിരുന്നു. ഇപ്പോൾ അത് നിർത്തലാക്കിയിരിക്കുകയാണ്. |
| (സി) | 2013-14 അധ്യയന വർഷം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന അർഹരായ എസ്.സി. വിദ്യാർത്ഥികൾക്ക് പ്രസ്തുത ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇക്കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ